INST/2/Disposal of old vehicles/2007

Dated 04.04.2017.

**AUCTION NOTICE**

Sealed quotations with 2.5% EMD are invited for the disposal of the vehicle mentioned below, in as is where is condition, so as to reach the undersigned on or before at 4pm on 15.04.2017 and also for the public auction at 11am on 18.04.2017 at the University Science Instrumentation Centre, University of Calicut. The sales tax payment, Insurance renewal & ownership transfer are vested with the party itself.

**Ashok Leyland (KL10 2429)**

| | |
|---|---|
| **Year of manufacture** | **1989** |
| **Road tax** | **Expired on 31.03.2017** |
| **Insurance** | **Valid up to 15.07.2017** |
| **Permit** | **Valid up to 19.06.2019** |
| **Seating capacity** | **47 (including driver)** |

**Instrumentation Engineer,**

**USIC**

**University of Calicut**

## യൂണിവേഴ്സിറ്റി സയൻസ് ഇൻസ്ട്രുമെൻറേഷൻ സെൻറർ
**കാലിക്കറ്റ് സർവകലാശാല**

## <u>ലേലം നോട്ടീസ്</u>

കാലിക്കറ്റ് സർവകലാശാലയിൽ ഉപയോഗിച്ചിരുന്ന 1989 മോഡൽ അശോക് ലൈലാൻറ് ബസ് വിൽക്കുന്നതിനു വേണ്ടി സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ 2.5 ശതമാനം ഇ.എം.ഡി. (കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസറുടെ പേരിൽ എടുത്ത ഡിമാൻറ് ഡ്രാഫ്റ്റ്) തിരിച്ചറിയിൽ കാർഡിൻറെ കോപ്പി ഉൾപ്പെടെ 15.04.2017 4 മണിക്കു മുമ്പായി ഇൻസ്ട്രുമെൻറേഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതോടനുബന്ധിച്ച് പരസ്യലേലം 18.04.2017 11 മണിക്ക് ഇൻസ്ട്രുമെൻറേഷൻ ഓഫീസിൽ വെച്ച് നടത്തുന്നതാണ്. ഇൻഷൂറൻസ് പോളിസി പുതുക്കുന്നതും വണ്ടിയുടെ വിൽപന നികുതി അടക്കുന്നതും ഉടമസ്ഥാവകാശം മാറ്റുന്നതും അവരവരിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾ www.universityofcalicut.info എന്ന് വെബ്സൈറ്റിൽ ലഭ്യമാണ്. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന അല്ലെങ്കിൽ ദർഘാസ് കൊടുത്ത ആൾ വാഹനത്തിൻറെ ലേലതുക വിൽപന നികുതി ഉൾപ്പെടെ 3 ദിവസത്തിനകം (ലേലത്തുക കാലിക്കറ്റ് സർവകലാശാല ഫണ്ടിലും വിൽപന നികുതി കൊമേഴ്സ്യൽ ടാക്സ് ഓഫീസിലും) അടച്ച് ചലാൻ രസീതി ഹാജരാക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ഒന്നാമത്തെ വ്യക്തി നിശ്ചിത സമയത്തിനകം തുക അടച്ച് വാഹനം കൈപ്പറ്റാത്തപക്ഷം, ഏറ്റവും ഉയർന്ന തുക വിളിക്കുന്ന രണ്ടാമത്തെ വ്യക്തിക്കും, രണ്ടാമത്തെ വ്യക്തി വീഴ്ച വരുത്തുന്ന പക്ഷം മൂന്നാമത്തെ വ്യക്തിക്കും ലേലം ഉറപ്പിക്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് വ്യക്തികൾ പണം അടച്ച് വാഹനം കൈപ്പറ്റാത്തപക്ഷം അവർ അടച്ച നിരതദ്രവ്യം അറിയിപ്പൊന്നും കൂടാതെ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ രേഖയും പാൻ കാർഡും ഹാജരാക്കേണ്ടതാണ്. (ഒറിജിനലും ഫോട്ടോകോപ്പിയും) പരസ്യലേല ദിവസം രാവിലെ 10 മണി മുതൽ 11 മണി വരെ നിരതദ്രവ്യം അടക്കുന്നവർക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടാവുകയുള്ളൂ.

**ഇൻസ്ട്രുമെൻറേഷൻ എഞ്ചിനീയർ**
യൂസിക്

പകർപ്പ് - തേഞ്ഞിപ്പലം, പള്ളിക്കൽ, ചേലേമ്പ്ര ഗ്രാമപഞ്ചായത്തുകൾ,
എഞ്ചിനീയറിംഗ് വിഭാഗം, ഭരണവിഭാഗം, പരീക്ഷാ ഭവൻ തുടങ്ങിയ ഓഫീസുകളിലെ നോട്ടീസ് ബോർഡ്
പത്ര പ്രസിദ്ധീകരണത്തിനു വേണ്ടി പി.ആർ.ഒ. ഓഫീസ്.